# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2420 01.04.2013 - ൽ മറുപടിക്ക്

## പൈപ്പുപൊട്ടലിനെക്കുറിച്ചുള്ള അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തലസ്ഥാന നഗരിയിലേക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പുകൾ പൊട്ടി ജലവിതരണം മുടങ്ങിയ എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരത്തേയ്ക്ക് കുടിവെള്ള വിതരണത്തിന് എത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ഏഴ് തവണയായി പത്ത് സ്ഥലങ്ങളിൽ പൊട്ടിയിട്ടുണ്ട്. |
| (ബി) തുടർച്ചയായുള്ള പൈപ്പുപൊട്ടലിനെക്കുറിച്ചന്വേഷിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും അറിയിക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം തലസ്ഥാന നഗരിയിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പുകൾ പൊട്ടിയതിൽ പൊതുവായി അന്വേഷണം നടത്തുവാൻ സമിതിയെ സർക്കാർ നിയോഗിച്ചിട്ടില്ല. എന്നാൽ അടിക്കടിയുള്ള പൈപ്പ് പൊട്ടലുകളെ കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ ഒരു 4 അംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മീഷന്റെ ഘടന താഴെ പറയും പ്രകാരമാണ്. |

1. ശ്രീ.കെ.ജയകുമാർ (മുൻ ചീഫ് സെക്രട്ടറി) - ചെയർമാൻ
2. ശ്രീ.പി.ചന്ദ്രശേഖർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
3. ശ്രീ.എബ്രഹാം ജേക്കബ്, ചീഫ് ടെക്നിക്കൽ എക്സാമിനർ
4. ശ്രീ. റ്റി.സി.സുബ്രൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

(2–4) മെമ്പർ

ഈ സമിതി അന്വേഷണം ആരംഭിച്ചോ എന്നും അന്വേഷണത്തിൽ എന്ത് വെളിവായി എന്നും രേഖാ മൂലം റിപ്പോർട്ട് ഒന്നും സർക്കാരിന് സമർപ്പിച്ചിട്ടില്ല.

............2

| | |
|---|---|
| (സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (സി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലയളവോ തീയതിയോ നിശ്ചയിച്ച് നൽകിയിട്ടില്ല. |
| (ഡി) ജലവിതരണം മുടങ്ങിയ അവസരങ്ങളിൽ സ്വീകരിച്ച ബദൽ നടപടികളെന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) അടിയന്തിരഘട്ടം നേരിടുന്നതിനായി വാട്ടർ അതോറിറ്റിയുടെ ടാങ്കർ ഉപയോഗിച്ച് ജലവിതരണം നടത്താറുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജില്ലാ ഭരണകൂടം എന്നിവർ മുഖാന്തിരം അടിയന്തിര ഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റി ശുദ്ധജലം സൗജന്യമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ